## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 6667 01.11.2011 ൽ മറുപടിക്ക്

# ഒററപ്പാലം നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

| ചോദ്യം<br>ശ്രീ. എം. ഹംസ | | മറുപടി<br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഒററപ്പാലം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ) | ഒററപ്പാലം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഒററപ്പാലം നിയോജക മണ്ഡലത്തിൽ ശ്രീകൃഷ്ണപുരവും സമീപ പഞ്ചായത്തുകളായ പൂക്കോട്കാവ്, കടമ്പഴിപ്പുറം എന്നീ പഞ്ചായത്തുകൾക്കു വേണ്ടി നബാർഡ് സഹായത്തോടെ സമഗ്ര കുടിവെള്ളപദ്ധതി നടപ്പിലാക്കി വരുന്നു. കരിമ്പുഴ പഞ്ചായത്തിനു (കരിമ്പുഴ വില്ലേജ് 1 ഉം 11 ഉം) വേണ്ടി നബാർഡ് സഹായത്തോടെ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. എൻ.സി.പി.സി.യിലുൾപ്പെടുത്തി ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു വരുന്നു. കൂടാതെ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ ഡെപ്പോസിററ് ഫണ്ട് ഉപയോഗിച്ച് ചെറുകിട പദ്ധതികൾ നടപ്പിലാക്കി വരുന്നു. വേനൽക്കാലങ്ങളിൽ ഡി.ആർ.ഡബ്ല്യു. ഫണ്ട് ഉപയോഗിച്ച് തടയണകൾ നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുന്നുണ്ട്. |
| (ബി) | ഒററപ്പാലം മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള വിതരണ പദ്ധതികൾ സംബന്ധിച്ചാണ് സർവ്വേ നടത്തുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | തച്ചനാട്ടുകര കുടിവെള്ള പദ്ധതി വിപുലീകരിക്കന്നതിനു വേണ്ടി പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നുതിനുള്ള നടപടികൾ എടുത്തുവരുന്നു.<br><br>ലക്കിടി പേരൂർ അമ്പലപ്പാറ പഞ്ചായത്തുകൾക്കു വേണ്ടി കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ |

എടുത്തു വരുന്നു. ശുദ്ധീകരണ ശാലയ്ക്കും ഉന്നതതല ജല സംഭരണിക്കും സ്ഥലം പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ഇവ ലഭ്യമായാൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

(സി) ഒററപ്പാലം മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ഒററപ്പാലം നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്.

1. ഒററപ്പാലം മുനിസിപ്പാലിററിയ്ക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി
2. അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി
3. ലക്കിടി പേരൂർ പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി
4. കടമ്പഴിപ്പുറം പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി
5. കരിമ്പുഴ പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി
6. ശ്രീകൃഷ്ണപുരം പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി
7. തച്ചനാട്ടുകര പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി

(ഡി) നിലവിലെ കുടിവെള്ള വിതരണ പദ്ധതികളിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം പ്രോജക്ടുകളാണ് പരിഗണനയിലുള്ളതെന്ന് വിശദീകരിക്കുമോ ?

(ഡി) നിലവിലെ കുടിവെള്ള വിതരണ പദ്ധതികളുടെ പോരായ്മകൾ പരിഹരിക്കുന്നതിനായി നബാർഡ് ആർ.ഐ.ഡി.എഫ് XVI - ൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികളുടെ മോട്ടോർ പമ്പ് സെററുകൾ മാററി സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. അമ്പലപ്പാറ പഞ്ചായത്തിനുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയ്ക്ക് 12 ലക്ഷത്തിൻേറയും തച്ചനാട്ടുകര പഞ്ചായത്തിനുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയ്ക്ക് 3.5 ലക്ഷത്തിൻേറയും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവ ദർഘാസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ